വൈദ്യുത പദ്ധതികൾ

63 (448) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ, സംസ്ഥാനത്ത് വിവിധ ജലവൈദ്യുത പദ്ധതികളിലും, ഇതല്ലാതെയുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെയും സംസ്ഥാനത്ത് ഉത്പാദിപ്പിച്ചിരുന്ന വൈദ്യുതിയുടെ അളവ് എത്ര മെഗാവാട്ടായിരുന്നു;

(ബി) എത്ര ലക്ഷം ഉപഭോക്താക്കളാണ് അന്ന് സംസ്ഥാനത്തുണ്ടായിരുന്നത്; പ്രതിദിനം എത്ര വൈദ്യുതിയാണ് ശരാശരി ഉപയോഗിച്ചുവന്നിരുന്നത്;

(സി) ഈ സർക്കാരിന്റെ കാലത്ത് അധികമായി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിച്ചത്; ഇക്കാലയളവിൽ പുതിയതായി അനുമതി നൽകി നിർമ്മാണം പൂർത്തിയാക്കിയ എത്ര പദ്ധതികളാണ് പൊതുമേഖലയിൽ ഉള്ളത്; അവ ഏതൊക്കെ; ഓരോ പ്രോജക്ടിൽ നിന്നും സംസ്ഥാനത്തിന് എത്ര വൈദ്യുതിയാണ് ലഭിക്കുന്നത്; ഇവയ്ക്കായി എത്ര രൂപയാണ് ചെലവഴിച്ചത്; സ്വകാര്യസംരംഭം എത്ര;

(ഡി) ഇങ്ങനെ ലഭിക്കുന്ന വൈദ്യുതിക്ക് സർക്കാർ പണം നൽകാറുണ്ടോ; എങ്കിൽ എത്ര അളവ് വൈദ്യുതിക്കാണ് പണം നൽകേണ്ടിവരുന്നത്; എത്ര യൂക; ആർക്കൊക്കെ എത്രവീതം യൂകയാണ് നൽകേണ്ടി വരുന്നത്;

(ഇ) ഇപ്പോഴത്തെ ആകെ പ്രതിദിന ഉത്പാദനം എല്ലാ പദ്ധതികളിൽ നിന്നുമായി എത്രയാണ്; പ്രതിദിന ഉപയോഗം എത്ര മെഗാവാട്ടാണ്; ഉത്പാദനത്തേക്കാൾ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ അധിക വൈദ്യുതി കണ്ടെത്തുന്നത് എവിടെനിന്നാണ്; ഇതിനായി എത്രയൂകയാണ് ചെലവഴിക്കേണ്ടി വരുന്നത്;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി നിരക്കിൽ എത്രതവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്; ഓരോ വർദ്ധനവിലൂടെയും എത്ര കോടി രൂപയാണ് സമാഹരിക്കാൻ കഴിഞ്ഞത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2011 മേയ് മാസത്തിലെ കേരളത്തിലെ ആകെ സ്ഥാപിത ശേഷി 2874.36 മെഗാവാട്ട് ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2011 മേയ് മാസത്തിൽ ഏറ്റവും കൂടുതൽ ഉപഭോഗം വന്ന 25-5-2011-ലെ ഉൽപ്പാദന വിവരം താഴെ ചേർക്കുന്നു:

ജലവൈദ്യുതി	1622 മെഗാവാട്ട്
താപം	132 മെഗാവാട്ട്
ക്യാപ്റ്റീവ്	9 മെഗാവാട്ട്
RGCCPP, കായംകുളം	154 മെഗാവാട്ട്

(ബി) നിലവിലുള്ള സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ 101.28 ലക്ഷം ഉപഭോക്താക്കളുണ്ടായിരുന്നു. ഈ സമയത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപയോഗം 40.00 ദശലക്ഷം യൂണിറ്റായിരുന്നു. എന്നാൽ ഇത് സിസ്റ്റം ലോസ് കൂടി കണക്കിലെടുക്കുമ്പോൾ ഏകദേശം 47.50 ദശലക്ഷം യൂണിറ്റായിരുന്നു.

(സി) 44.066 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതികളാണ് കമ്മിഷൻ ചെയ്തത്. സ്വകാര്യ മേഖലയിലെ പദ്ധതികൾ ഉൾപ്പെടെ 42.91 മെഗാവാട്ട് ജലവൈദ്യുതി അധികമായി ഉത്പാദിപ്പിച്ചു. ഇക്കാലയളവിൽ പുതുതായി അനുമതി നൽകി നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ ഇല്ല. സൗരോർജ്ജം, കാറ്റ് എന്നീ സ്രോതസ്സുകളിൽനിന്നുള്ള പദ്ധതിയെ സംബന്ധിച്ച വിവരം അനുബന്ധമായി നൽകിയിരിക്കുന്നു. *

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വൈദ്യുതി പദ്ധതികളിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് സർക്കാർ പണം നൽകാറില്ല.

(ഇ) 2016 ജനുവരി മാസത്തെ കണക്ക് പ്രകാരം പ്രതിദിന ശരാശരി ഉത്പാദനം 13.5177 ദശലക്ഷം യൂണിറ്റാണ്. പ്രതിദിന ശരാശരി ഉപഭോഗം 61.7264 ദശലക്ഷം യൂണിറ്റാണ്. ഉത്പാദനത്തെക്കാൾ കൂടുതൽ വരുന്ന ഉപഭോഗം നിറവേറ്റുന്നതിനായി കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതിക്ക് പുറമെ, അന്യസംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് ഹ്രസ്വകാല-മധ്യകാല-ദീർഘകാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ പവർ എക്സ്ചേഞ്ച് മുഖേനയും വൈദ്യുതി ലഭ്യമാക്കാറുണ്ട്. 2016 ജനുവരി മാസത്തിൽ പവർ എക്സ്ചേഞ്ചിൽ നിന്നും വാങ്ങിയ 4.20 ദശലക്ഷം യൂണിറ്റ് വൈദ്യുതിക്ക് ഏകദേശം 1.29 കോടി രൂപ ചെലവായിട്ടുണ്ട്.

(എഫ്) മുന്നു പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 2012-13-ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 1257 കോടി രൂപയുടെയും, 2013-14-ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 642.47 കോടി രൂപയുടെയും, 2014-15-ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ ഏകദേശം 600 കോടി രൂപയുടെയും അധിക വരുമാനം ഉണ്ടായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly